**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 914** **12-06-2024 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്; പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ 65 ശതമാനത്തിലധികം വരുന്ന മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യംവെച്ച് 2011 ൽ രൂപീകൃതമായ പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രസ്തുത ജന വിഭാഗങ്ങളുടെ ജീവിത - വിദ്യാഭ്യാസ നിലവാരങ്ങൾ ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. നിലവിൽ വകുപ്പിന്റെ 4 മേഖലാ ഓഫീസുകളിൽ ആകെ 34 ജീവനക്കാരെ അനുവദിച്ചിട്ടുണ്ട്. കൂടാതെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ മുഖേന ഫലപ്രദമായി നടപ്പാക്കുന്നുവെന്നും ഉറപ്പ് വരുത്തുന്നുണ്ട്.<br><br>പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>പട്ടികജാതിയിൽ നിന്നും മറ്റ് ശുപാർശിത സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടെ ഉന്നമനത്തിനായി, കുറഞ്ഞ പലിശ നിരക്കിൽ വിവിധ ഭവന വായ്പകളും, വിവാഹ വായ്പ, സ്വയം തൊഴിൽ വായ്പ, വ്യക്തിഗത വായ്പകൾ, സ്റ്റാർട്ട്അപ് വായ്പ, കാർഷിക വായ്പകൾ എന്നിവയും കൂടാതെ ടി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വായ്പകളും, വിദ്യാഭ്യാസ പ്രോത്സാഹന / ധനസഹായ / പരിശീലന പദ്ധതികളും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് വിദേശ |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും പഠനം നടത്തുന്നതിനായി വായ്പ നൽകുന്ന പുതിയ പദ്ധതിയായ വിദേശ പഠന വായ്പാ പദ്ധതിയും, ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ, തൊഴിൽ രഹിതരായ യുവതീയുവാക്കൾ എന്നിവർക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി അവരെ മികച്ച ജോലികൾ നേടുന്നതിന് പ്രാപ്തരാക്കുന്ന തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. കോർപ്പറേഷന് മൂലധന സഹായമായി എല്ലാ വർഷങ്ങളിലും സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തി നൽകാറുണ്ട്. |
| (ബി) | അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അട്ടപ്പാടി മേഖലയിൽ തരിശായി കിടന്ന 1300 ഏക്കർ ഭൂമി കൃഷി നിലങ്ങളായി മാറ്റുന്നതിന് വിവിധ വർഷങ്ങളിൽ നടത്തിയ കാർഷിക പ്രവർത്തനങ്ങളിലൂടെ സാധ്യമായിട്ടുണ്ട്. മഴയെ ആശ്രയിച്ച് തന്നെ മിക്കവാറും ചെറുധാന്യങ്ങൾ കൃഷി ചെയ്യാൻ കഴിയും എന്നുള്ളതിനാൽ ഭൂരിഭാഗം പട്ടികവർഗ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനവും ലഭ്യമായിട്ടുണ്ട്. കൂടാതെ ഒരളവുവരെ പോഷകാഹാരക്കുറവ് ഒഴിവാക്കാൻ കഴിയുകയും ചെയ്തിട്ടുണ്ട്. തരിശായി കിടക്കാത്തതുകൊണ്ട് ഭൂമി അന്യാധീനപ്പെട്ട് പോവുന്ന പ്രശ്നവും പരമാവധി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. 2024-25 വർഷം പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>ഭക്ഷ്യസഹായ പദ്ധതി പ്രകാരം മൺസൂൺ മാസങ്ങളിൽ കഷ്ടതകൾ അനുഭവിക്കുന്ന അർഹരായ പട്ടികവർഗക്കാരെ കണ്ടെത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഒരു വർഷത്തിൽ 4 തവണയായി 9 ഇനങ്ങൾ അടങ്ങിയ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യുന്നു. എല്ലാ ഊരിലും എല്ലാ ആഴ്ചയിലും ഒരു ഉദ്യോഗസ്ഥൻ എത്തുന്ന നിലയിൽ ഇതിനായി ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മന്ത്രിയുടെ അദ്ധ്യക്ഷതയിലും പ്രാദേശികമായി ജനപ്രതിനിധികളെയും വകുപ്പ് മേധാവികളെയും ഉൾപ്പെടുത്തിക്കൊണ്ട് അവലോകന യോഗങ്ങൾ ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരാറുണ്ട്. |
| (സി) | പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഓഫീസുകൾ ഏതൊക്കെ ജില്ലകളിൽ പ്രവർത്തിച്ച് വരുന്നുണ്ട്; എല്ലാ ജില്ലകളിലും ഓഫീസുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | (സി) | പിന്നാക്ക വിഭാഗ വികസന വകുപ്പിന് തിരുവനന്തപുരം ജില്ലയിൽ വകുപ്പ് ഡയറക്ടറേറ്റും കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് |

| | | | |
|---|---|---|---|
| | | | ജില്ലകളിലായി നാല് മേഖലാ കാര്യാലയങ്ങളുമാണ് നിലവിലുള്ളത്.<br><br>എല്ലാ ജില്ലകളിലും ഓഫീസുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

## പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ

### വിദ്യാഭ്യാസ പദ്ധതികൾ

#### 1) ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. ഒ.ഇ.സി. സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. ഒ.ഇ.സി. ക്ക് തത്തുല്യ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തെരഞ്ഞെടുത്ത 30 ഒ.ബി.സി. സമുദായങ്ങൾക്ക് 6 ലക്ഷം രൂപയാണ് വരുമാന പരിധി. എൽ.പി, യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് യഥാക്രമം 750, 900, 1000 എന്ന ക്രമത്തിലാണ് വർഷം തോറും ആനുകൂല്യമനുവദിക്കുന്നത്.

#### 2) ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

+2 മുതൽ Ph.D വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി, ഒ.ബി.സി.(എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതിയാണ്. സംസ്ഥാനത്ത് പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്നവർക്കും സംസ്ഥാനത്തിനു പുറത്ത് അംഗീകൃത സ്ഥാപന ങ്ങളിൽ പഠിക്കുന്നവർക്കും കേന്ദ്ര ഏജൻസിയുടെ അലോട്ട്മെന്റ് പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിക്കുന്നു. ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. ഒ.ഇ.സി. ക്ക് തത്തുല്യ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തെരഞ്ഞെടുത്ത 30 ഒ.ബി.സി സമുദായങ്ങൾക്ക് 6 ലക്ഷം രൂപയാണ് വരുമാന പരിധി. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളി ലേക്ക് നൽകുന്നു.

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SEBC വിഭാഗത്തിൽപ്പെട്ട സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും, സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ നിരക്കിലുള്ള ഫീസ് അനുവദിക്കുന്നു. 1 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നു.

#### 3) PM-YASASVI Pre-matric Scholarship for OBC & EBC (60% CSS)

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയി രുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒ.ബി.സി. സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം 1500/- രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നതായിരുന്നു പദ്ധതി. എന്നാൽ 2022-23 മുതൽ കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡ പ്രകാരം 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പ്രസ്തുത സ്കോളർഷിപ്പ് 60 : 40 എന്ന ഫണ്ട് പാറ്റേൺ പ്രകാരം പരിമിതപ്പെടുത്തുകയും ആനുകൂല്യ തുക 4000/- രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. വരുമാന പരിധിയിൽ മാറ്റമില്ല.

### 4) PM-YASASVI Post-matric Scholarship for OBC & EBC (60% CSS)

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 100% കേന്ദ്ര സഹായത്തോടെ നടപ്പാക്കിയിരുന്ന പദ്ധതിയാണ് ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്. എന്നാൽ 2022-23 മുതൽ കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡ പ്രകാരം ടി പദ്ധതി പ്രകാരമുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 ആക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, സംസ്ഥാനത്തിനകത്ത് CA/CMA/ICWA/CS കോഴ്സുകളിൽ പഠിക്കുന്നവർ, സംസ്ഥാനത്തിന് പുറത്ത് ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ് രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

### 5) കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി

സംസ്ഥാനത്തെ സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരുന്ന പദ്ധതി പരിഷ്കരിച്ച കേന്ദ്ര മാനദണ്ഡപ്രകാരം 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തി. പദ്ധതി പ്രകാരം ഒഴിവാക്കപ്പെട്ട 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 2023-24 മുതൽ നടപ്പാക്കുന്നു. വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാത്ത പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലേതിന് സമാനമായി പ്രതിവർഷം 1500/- രൂപ വീതം അനുവദിച്ചു നല്കുന്നു.

### 6) ഓവർസീസ് സ്കോളർഷിപ്പ്

ഒ.ബി.സി. വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തി വരുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ മെഡിക്കൽ / എഞ്ചിനീയറിങ് / പ്യുവർ സയൻസ് / അഗ്രികൾച്ചർ / മാനേജ്മെന്റ് കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി നടപ്പാക്കുന്ന പദ്ധതിയാണിത്. പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. വർഷം തോറും ശരാശരി 20 പേരെയാണ് ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്.

### 7) മാതാവോ പിതാവോ രണ്ട്പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി. വിഭാഗം പെൺകുട്ടികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ്

മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരേയുമോ നഷ്ടപ്പെട്ട മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺക്കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ്. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാത്ത മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കായിരിക്കും ഈ ആനുകൂല്യം ലഭ്യമാകുക. പ്രതിവർഷം 50,000/- രൂപ നൽകാൻ ഉദ്ദേശിക്കുന്ന ടി പദ്ധതിയുടെ ഗുണഭോക്താക്കൾ സർക്കാർ / സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥിനികളാണ്.

## തൊഴിൽദായക പരിപാടികൾ/വികസന പദ്ധതികൾ

### 1) എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന ഉപഘടകങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു.

#### a) മെഡിക്കൽ/എഞ്ചിനീയറിംഗ്, ബാങ്കിംഗ്, സിവിൽ സർവ്വീസ്, UGC/JRF, GATE/MAT പരീക്ഷാ പരിശീലന ധനസഹായം, നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനത്തിന് ധനസഹായം.

പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ 3 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| പരിശീലന ഇനം | കുടുംബ വാർഷിക വരുമാനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക |
|---|---|---|---|---|
| മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് | 2 ലക്ഷം | 20000/- | 10000/- | 30000/- |
| ബാങ്കിംഗ് | 2 ലക്ഷം | 10000/- | 10000/- | 20000/- |
| സിവിൽ സർവ്വീസ് | 4.5 ലക്ഷം | 15000/- | 10000/- | 25000/- |
| UGC/JRF,GATE/MAT | 2.5 ലക്ഷം | 15000/- | 10000/- | 25000/- |
| IELTS/TOEFL/OET/NCLEX | 2.5 ലക്ഷം | - | - | 14000/- |

a). മെഡിക്കൽ / എഞ്ചിനിയറിങ് എൻട്രൻസ്, ബാങ്കിങ് സർവ്വീസ്, സിവിൽ സർവ്വീസ്, UGC/NET/JRF, GATE/MAT, IELTS/TOEFL/OET/NCLEX തുടങ്ങിയ വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

b)ഒ.ബി.സി പ്രൊഫഷണൽസിനുള്ള സ്വയം തൊഴിൽ വായ്പ

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനായി 2017-18 ൽ തുടക്കമിട്ട ഈ പദ്ധതി പ്രകാരം,ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി ആയി നൽകുന്നു.

c) ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ വായ്പ

പിന്നാക്ക വിഭാഗ വികസന വകുപ്പും, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. സമയബന്ധിതമായി തവണ തുക തിരിച്ചടയ്ക്കുന്നവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് വായ്പാ തുകയുടെ 50% (പരമാവധി 25,000/-രൂപ) സബ്സിഡി ആയി നൽകുന്നു.

d) ആട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം

ഓട്ടോമൊബൈൽ, ട്രാവൽ ടൂറിസം, ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി തുടങ്ങിയ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ലക്ഷമിടുന്നത്. സർക്കാർ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശീലന ചെലവുകളും പ്രതിമാസ സ്റ്റൈപെന്റും തൊഴിലന്വേഷകർക്ക് നല്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അനുയോജ്യമായ തൊഴിലുകൾ ഏജൻസി നല്കുന്നുവെന്ന് ഉറപ്പാക്കണം. പരിശീലന ചെലവിനായി ഒരാൾക്ക് പ്രതിമാസം പരമാവധി 8,000/- രൂപ വീതം 10 മാസത്തേക്ക് നൽകുന്നു.

## 2) ഹയർ സെക്കന്ററി മെറിറ്റ് അവാർഡ്

ഹയർ സെക്കന്ററി ഉന്നത വിജയം കരസ്ഥമാക്കിയ ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ് നല്കുന്നു. ഓരോ അധ്യായന വർഷത്തേയും ഹയർ സെക്കന്ററി പരീക്ഷാ ഫലം അനുസരിച്ച് മികച്ച വിജയം കരസ്ഥമാക്കിയ ആദ്യ 100 പേർക്ക് 10,000/- രൂപ ക്യാഷ് അവാർഡ് നൽകുന്നതിന് 2022-23 ൽ ആരംഭിച്ച പദ്ധതി. വരുമാന പരിധി 5 ലക്ഷം രൂപ.

## പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം

1) പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ഈ പദ്ധതി പ്രകാരം പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ നവീകരിക്കുന്നതിനും യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വേണ്ടി 50,000/- രൂപ വീതം ധനസഹായം നൽകുന്നു. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്.കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ.

2) പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം

പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർ ഷോപ്പ് നവീകരിക്കുന്നതിന് പരമാവധി 25000/- രൂപ വരെ 2 ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്ന ഈ പദ്ധതി 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ.

3) മറ്റു പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത കരകൗശല തൊഴിലാളികൾക്കുള്ള പണി ആയുധങ്ങൾക്കുള്ള ഗ്രാന്റ്.

പിന്നാക്ക സമുദായങ്ങളിൽപ്പെട്ട പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും ടൂൾകിറ്റ് നൽകുന്നതിനുമുള്ള പദ്ധതിയാണിത്. 60 വയസ്സു വരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. പരമാവധി 20,000/- രൂപയാണ് ആനുകൂല്യം അനുവദിക്കുന്നത്.

4) ഇലക്ട്രിക്/സിഎൻജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായം

സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട നിരവധി ആളുകൾ ഓട്ടോ ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവരാണ്. ഇന്ധന വിലയിലുണ്ടായ വൻ വർധനവ് അവരുടെ ഉപജീവനത്തെ സാരമായി ബാധിക്കുന്ന സാഹചര്യത്തിൽ കൂടുതൽ വരുമാനം ഉണ്ടാക്കാൻ ന്യൂ ജനറേഷൻ ഇലക്ട്രിക്/സി.എൻ.ജി. വാഹനങ്ങളിലേക്ക് മാറുന്നതിന് അവർക്ക് സാമ്പത്തിക സഹായം ആവശ്യമാണ്. ന്യൂ ജനറേഷൻ ഇലക്ട്രിക് /സി.എൻ.ജി. വാഹനങ്ങൾ വാങ്ങാൻ നൽകുന്ന വാഹന വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ സബ്സിഡി

നൽകുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലേക്ക് അർഹരായ അപേക്ഷകരെ വകുപ്പ് ശുപാർശ ചെയ്യുകയും ഈ കോർപ്പറേഷനുകളിൽ നിന്ന് അവർക്ക് വായ്പ നൽകുകയും ചെയ്യുന്നു.

5) പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ

സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളിൽ ഭൂരിഭാഗവും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരാണ്. ഇവർ വിപണിയിൽ കടുത്ത മത്സരം നേരിടുന്ന സാഹചര്യമാണുള്ളത്. അവർ അഭിമുഖീകരിക്കുന്ന വിപണന പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനാണ് ഈ ഘടകം ഉദ്ദേശിക്കുന്നത്. പരമ്പരാഗത ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിരം സംവിധാനമൊരുക്കാൻ ഘടകം വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുക. മുനിസിപ്പാലിറ്റികളിൽ നിന്നും ലഭ്യമായ കെട്ടിടങ്ങൾ ഉൽപ്പന്നങ്ങളുടെ പ്രദർശന ത്തിനും വിപണനത്തിനും ഉതകുന്ന തരത്തിൽ മാറ്റങ്ങൾ വരുത്തി വകുപ്പിൽ വിപണന കേന്ദ്രങ്ങൾ ക്കായി ഉപയോഗിക്കാവുന്നതാണ്. ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായുള്ള സ്റ്റാളുകൾ ആകർഷകമാക്കുക, നിർമ്മാണ കേന്ദ്രങ്ങളിൽ നിന്ന് ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിന് വാഹന സൗകര്യം ഒരുക്കുക, നിർമ്മാതാക്കളുടെ ഒരു ഡാറ്റാ ബേസ് ഉണ്ടാക്കുക. ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ തുടങ്ങുക എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥല സൗകര്യം ലഭ്യമാകാത്തത് പദ്ധതിയുടെ പ്രധാന ന്യൂനതയായി തുടരുന്നുണ്ടെങ്കിലും കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷനുമായി ചേർന്ന് തിരുവനന്തപുരം ജില്ലയിൽ World Marketing Shopping Complex ൽ സ്റ്റാൾ പങ്കിടുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

6. കുംഭാര കോളനി അടിസ്ഥാന സൌകര്യ വികസന പദ്ധതി

പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ അധിവസിക്കുന്ന കുംഭാര കോളനികളുടെ സമഗ്ര വികസനത്തിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഒരു കോളനിയ്ക്ക് 1 കോടി രൂപ എന്ന നിരക്കിലാണ് പദ്ധതി നടപ്പാക്കുന്നത്. വർക്ക് ഷെഡ്, ചൂള, കമ്മ്യൂണിറ്റി ഹാൾ, റോഡ് തുടങ്ങിയവയുടെ നിർമ്മാണം, കുടിവെള്ള പദ്ധതി തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. സംസ്ഥാനത്ത് ആദ്യമായി തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനിയെയാണ് ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത് നവീകരണം പൂർത്തീകരിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2023-24 സാമ്പത്തിക വർഷം മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ അരുവാക്കോട് കുംഭാര കോളനി യേയും പൊന്നാനി മുൻസിപ്പാലിറ്റിയിലെ 8-ാം വാർഡിലെ കുംഭാര കോളനിയേയും ടി പദ്ധതി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഇടങ്ങളിൽ നിന്നുള്ള എസ്റ്റിമേഷൻ ലഭ്യമാകുന്നതിനനുസരിച്ച് തുടർ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതാണ്.

7. ഓഫീസ് ഓട്ടോമേഷൻ ഉപകരണങ്ങളും ഭരണവും

വകുപ്പിന്റെ വിവിധ ഓഫീസുകൾക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കായി വേണ്ടുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുക, വിവിധ പദ്ധതികളുടെ ഓൺലൈൻ സേവനത്തിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കൽ, വാഹന വാടക, പ്രിന്റിംഗ്, വകുപ്പിലെ ജീവനക്കാർക്ക് ദേശീയ തലത്തിൽ പരിശീലന പരിപാടികൾ നടത്തുക, പുതിയ ഓഫീസുകൾ സജ്ജമാക്കുന്നതിന് അവിടങ്ങളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ഫർണിച്ചറുകൾ തുടങ്ങിയവ വാങ്ങുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

8. <u>അഡ്വക്കേറ്റ് ഗ്രാന്റ്</u>

അഭിഭാഷക കൗൺസിലിൽ എൻറോൾ ചെയ്ത നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ് ചെയ്യുന്നതിന് പ്രതിവർഷം 12,000/- രൂപ വീതം 3 വർഷത്തേക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ആരംഭത്തിൽ 7500/- രൂപ ആയിരുന്നത് 2017 മുതൽ 12000/- രൂപയാക്കി വർദ്ധിപ്പിച്ചു. വരുമാന പരിധി 1 ലക്ഷം രൂപ.

9. <u>വിശ്വകർമ്മജർക്കുള്ള പെൻഷൻ</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 60 വയസ്സ് തികഞ്ഞ പരമ്പരാഗത വിശ്വകർമ്മ തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് പ്രതിമാസം പെൻഷൻ അനുവദിക്കുന്ന പദ്ധതിയാണിത്. തുടക്കത്തിൽ 500/- രൂപ ആയിരുന്നത് പല ഘട്ടങ്ങളായി വർദ്ധിപ്പിച്ച് നിലവിൽ 1600/- രൂപ പെൻഷൻ നൽകി വരുന്നു. പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നു.

മറ്റ് പെൻഷനുകളൊന്നും തന്നെ ലഭ്യമാകുന്നില്ലായെന്ന തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിൽ നിന്നുള്ള സാക്ഷ്യപത്രം, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്ന മുറയക്ക് സമയബന്ധിതമായി തന്നെ പെൻഷൻ അനുവദിച്ചു വരുന്നു.

10. <u>ഒ ബി സി വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി</u>

ടി പദ്ധതി പ്രകാരം പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ ആരംഭി ക്കുന്നതിന് വായ്പാ സബ്സിഡി അനുവദിക്കുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന അപേക്ഷ സ്വീകരിക്കുകയും അർഹതയുള്ളവർക്ക് വായ്പാ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നു. വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ സബ്സിഡി നൽകുന്നു. വരുമാന പരിധി 2.5 ലക്ഷം രൂപ.

11. <u>മൊബൈൽ സ്ട്രീറ്റ് വെന്റിംഗ് കാർട്ട്</u>

സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ട വഴിയോര കച്ചവടക്കാർക്ക് പുതിയ മോഡലിലുള്ള വെന്റിംഗ് കാർട്ടുകൾ നൽകുന്നതിനായി നടപ്പ് വർഷം മുതൽ നടപ്പാക്കുന്ന പദ്ധതി. ഇത്തരത്തിലുള്ള ഒരു കാർട്ടിന് 45000/- രൂപ വില വരുന്നതാണ്. ഒരു വർഷം 45 ലക്ഷം രൂപ വകയിരുത്തിയാൽ 100 പേർക്ക് അനുവദിച്ച് നൽകാൻ സാധിക്കുന്നു. 2024-25 സാമ്പത്തിക വർഷം 2225-03-102-82 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 45,00,000/- രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

12. <u>എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾ</u>

എഞ്ചിനീയറിംഗ് മേഖലയിൽ കഴിവുതെളിയിക്കുവാൻ ആഗ്രഹിക്കുന്ന പ്രൊഫഷണൽസിന് joint venture രീതിയിൽ സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ ബിരുദ പഠനം പൂർത്തിയാക്കിയ 10 പേരടങ്ങുന്ന ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ധനസഹായം നൽകുന്നത്. നടപ്പ് വർഷം മുതൽ നടപ്പാക്കുന്നു. 10 പേരടങ്ങുന്ന 25 ഗ്രൂപ്പുകൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ അനുവദിക്കുന്നു. ഓരോ ഗ്രൂപ്പിലും 80% പേർ ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവരായരിക്കണം. 2024-25 സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 2225-03-102-83 ബഡ്ജറ്റ് ശീർഷകത്തിൽ 250,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

## അനുബന്ധം - 2

## കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

1. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും പുതിയ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി.
2. പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയ പിന്നാക്ക ന്യൂനപക്ഷ സമുദായ ത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രവാസി സുരക്ഷ സ്വയം തൊഴിൽ വായ്പാ പദ്ധതി. നോർക്കയുടെ NDPREM പദ്ധതിയിലുൾപ്പെടുത്തി പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡിയായി (പരമാവധി 3 ലക്ഷം രൂപ) അനുവദിക്കുന്നതാണ് .
3. പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്കും ന്യൂനപക്ഷങ്ങൾക്കും ഇന്ത്യയിലും വിദേശത്തും ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി വിദ്യാഭ്യാസ വായ്പാ പദ്ധതി.
4. പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഒ.ബി.സി. പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ പദ്ധതി.
5. സമൂഹത്തിലെ ഏറ്റവും താഴ് ന്ന വരുമാനക്കാർക്ക് ചെറിയ വായ്പകൾ ലഭ്യമാക്കുന്നതിനായി സന്നദ്ധ സംഘടനകളും കുടുംബശ്രീ CDS കളും വഴി മൈക്രോ ഫിനാൻസ് പദ്ധതി നടപ്പിലാക്കുന്നു.
6. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും തങ്ങളുടെ ബഹുവിധ ആവശ്യങ്ങൾക്കായി സുവർണശ്രീ വായ്പാ പദ്ധതി.
7. താഴ് ന്ന വരുമാനക്കാരായ ഒ.ബി.സി./മതന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ത്തിന് ധനസഹായം നൽകുന്നതിനായി വിവാഹ ധനസഹായ വായ്പ.
8. നിലവിൽ സ്വയം തൊഴിൽ സംരംഭം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞവർക്ക് നിലവിലെ സംരംഭം വിപുലീകരിക്കുന്നതിന് Business Development വായ്പ.
9. കോർപ്പറേഷനിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്ത് സംരംഭം ആരംഭിച്ചവർക്ക് തിരിച്ചടവ് കാലാവധി കഴിഞ്ഞതിനു ശേഷം പ്രസ്തുത സംരംഭത്തിന് പ്രവർത്തന മൂലധന ആവശ്യാർഥം നൽകുന്നതിനായി പ്രവർത്തന മൂലധന വായ്പ.
10. സർക്കാർ/അർദ്ധ സർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി./ മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് വ്യക്തിഗത ആവശ്യങ്ങൾക്കായി വ്യക്തിഗത വായ്പാ പദ്ധതി.
11. സർക്കാർ/അർദ്ധ സർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ഗൃഹ പുനരുദ്ധാരണത്തിന് നൽകുന്ന സ്വസ്ഥഗൃഹ വായ്പാ പദ്ധതി.
12. സർക്കാർ/അർദ്ധ സർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ടൂ വീലർ / ഫോർ വീലർ എന്നിവ വാങ്ങുന്നതിനുള്ള വാഹന വായ്പാ പദ്ധതി.
13. ഭവന രഹിതരായ പിന്നാക്ക / മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള എന്റെ വീട് ഭവന നിർമാണ വായ്പാ പദ്ധതി.
14. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി വിദ്യശ്രീ വായ്പാ പദ്ധതി.
15. പിന്നാക്ക വിഭാഗത്തിൽപ്പെട്ട വഴിയോര കച്ചവടക്കാർക്കായി ഉണർവ് വായ്പാ പദ്ധതി.

കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സർക്കാരിൽ നിന്നുള്ള ഓഹരി മൂലധനവും ദേശീയ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC), ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും ഉപയോഗിച്ചാണ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത്. നാളിതുവരെ ഓഹരി മൂലധന സഹായമായി 150.27 കോടി രൂപ ലഭിച്ചിട്ടുണ്ട്. നാഷണൽ ഏജൻസികളിൽ നിന്നും വിവിധ വായ്പാ പദ്ധതികൾക്കായി ലഭിക്കുന്ന തുകയുടെ ഏകദേശം 10% ആനുപാതിക വിഹിതമായി കോർപ്പറേഷൻ വഹിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന തുക ഇത്തരത്തിൽ ആനുപാതിക വിഹിതമായും കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നുള്ള വിവിധ പിന്നാക്ക ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് വേണ്ടിയും വിനിയോഗിക്കുന്നു.